"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ് - ആംനെസ്റ്റി സ്കീം (ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി) - അബ്കാരി കുടിശ്ശികയുടെ തിരിച്ചടവ് കാലാവധി ദീർഘിപ്പിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എ) വകുപ്പ്**

സ.ഉ.(കൈ) നം.16/2026/TAXES തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:- 1. 23.01.2026-ലെ സ.ഉ.(കൈ)നം.03/2026/നി.വ നമ്പർ ഉത്തരവ്

2. എക്സൈസ് കമ്മീഷണറുടെ 04.03.2026-ലെ EXC/1986/2020-XM4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എക്സൈസ് വകുപ്പിലെ അബ്കാരി കുടിശിക ഊർജ്ജിതമായി പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കിയ ആംനെസ്റ്റി പദ്ധതിയുടെ (ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി) കീഴിൽ അബ്കാരി കുടിശ്ശിക അടയ്ക്കുവാനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി **28.02.2026** വരെ ദീർഘിപ്പിച്ച് പരാമർശം **(1)** പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

**2)** ആംനെസ്റ്റി പദ്ധതിയുടെ കീഴിൽ അബ്കാരി കുടിശ്ശിക അടയ്ക്കുവാനുള്ള അപേക്ഷ സ്വീകരിക്കുന്നതിനുള്ള കാലാവധി **31.12.2026** വരെയും കുടിശ്ശിക ഒടുക്കി തീർക്കാനുള്ള കാലാവധി **31.03.2027** വരെയും ദീർഘിപ്പിച്ച് നൽകണമെന്ന് എക്സൈസ് കമ്മീഷണർ പരാമർശം **(2)** പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

**3)** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അബ്കാരി കുടിശിക തീർപ്പാക്കുന്നതിന്റെ ഭാഗമായുള്ള ആംനെസ്റ്റി പദ്ധതിയുടെ കീഴിൽ അപേക്ഷ സ്വീകരിക്കുന്നതിനുള്ള കാലാവധി **31.12.2026** വരെയും കുടിശ്ശിക ഒടുക്കി തീർക്കാനുള്ള കാലാവധി **31.03.2027** വരെയും ദീർഘിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരളം, തിരുവനന്തപുരം
2. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം

3. ധനകാര്യ വകുപ്പ്

4.റവന്യൂ വകുപ്പ്

5.വെബ് & ന്യൂ മീഡിയ.

6.സ്റ്റോക്ക് ഫയൽ (എ1/81/20202/നി.വ)

ഉത്തരവിൻ പ്രകാരം

Signed by
Jagadish Babu M
Date: 12-03-2026 10:25:00

സെക്ഷൻ ഓഫീസർ